# വഫിയ്യ ഡേകോളേജ്
## ഘടന, ചട്ടക്കൂട്

സുരക്ഷിതത്വത്തിന്റെയും ദീനീ അന്തരീക്ഷത്തിന്റെയും അഭാവത്തിൽ പെൺകുട്ടികളുടെ കലാലയ വിദ്യാഭ്യാസം ഇന്നു പ്രതിസന്ധിയിലാണ്. അതിനു വിനീതമായൊരു പരിഹാരമാണ് മതഭൗതിക വിദ്യകൾ സമന്വയിച്ചു നൽകുന്ന വഫിയ്യ റസിഡൻഷ്യൽ കോളേജുകൾ. പക്ഷെ അവയുടെ കുറവ് കാരണം ഈ പരിഹാരം അപ്രാപ്യമായിത്തീരുന്നു. ഈ സാഹചര്യത്തിൽ വഫിയ്യ ഡേ കോളേജുകൾ തുടങ്ങാൻ പോവുകയാണ് സി.ഐ.സി.

വഫിയ്യ പാഠ്യപദ്ധതി ലഘൂകരിച്ചു പഠിതാക്കളുടെ സാഹചര്യത്തിനനുസരിച്ചു പുനക്രമീകരിക്കുകയും ഏറെ വിഷയങ്ങൾ പുതുതായി ഉൾപ്പെടുത്തുകയും ചെയ്തിട്ടുള്ളതാണ് ഡേകോളേജ് കരിക്കുലം.

**ഘടന:**

| | പാഠ്യ വിഷയങ്ങൾ | | കാലയളവ് | യോഗ്യത |
|---|---|---|---|---|
| | മതം | ഭൗതികം | | |
| തംഹീദിയ്യ (പ്രിപ്പറേറ്ററി) | കർമ്മ ശാസ്ത്രം. തസ്വവ്വുഫ്, അറബി ഗ്രാമർ, മോർഫോളജി, സാഹിത്യം, ഹോം സയൻസിന്റെ അവശ്യ ഭാഗങ്ങൾ, ഐ.ടി സാക്ഷരത, | +1,+2 ഹ്യുമാനിറ്റീസ്/കൊമേഴ്സ് | രണ്ട് വർഷം (നാല് സെമസ്റ്റർ) | എസ്.എസ്.എൽ.സി ഉപരി പഠന യോഗ്യത, മദ്രസ്സ ഏഴാം തരം/ തത്തുല്യം |
| ആലിയ (ഡിഗ്രി) | ഖുർആൻ, ഹദീസ്, കർമ്മ ശാസ്ത്രം, തസ്വവ്വുഫ്, അഖീദ, ഭാഷാ അപ്ലിക്കേഷൻ, ചരിത്രം. സാഹിത്യം, മത-ചിന്താ താരതമ്യം-സംശയ നിവാരണം, വിവിധ വിജ്ഞാന ശാഖകളുടെ പരിചയം, പെരുമാറ്റ ഫിഖ്ഹ് (ഫിഖ്ഹുൽ ഇശ്റ), ഹോം സയൻസിന്റെ അവശ്യ ഭാഗങ്ങൾ, ഇസ്ലാമിക് ഫെമിനിസം, ടീച്ചിംഗ് മെത്തേഡ്സ്, പ്രീ മാരിറ്റൽ ട്രൈനിംഗ്, ഐ.ടി സാക്ഷരത, പ്രാക്റ്റിക്കൽ ഫിഖ്ഹ് (ഹജ്ജ്, ഇമാമത്ത്, മയ്യിത്തു പരിപാലനം) | യു.ജി.സി അംഗീകരിക്കുന്ന യൂ.സിറ്റി ഡിഗ്രി വിഷയങ്ങൾ, ഹ്യുമാനിറ്റീസ്/കൊമേഴ്സ് | മൂന്ന്വർഷം (ആറ് സെമസ്റ്റർ) | തംഹീദിയ്യ, പ്ലസ് ടു |

**<u>ചട്ടക്കൂട്</u>**

- സാമൂഹിക ചിന്താ പ്രശ്നങ്ങൾ, സുരക്ഷ, വ്യക്തിത്വ വികസനം, നിയമം, കരിയർ ഗൈഡൻസ്, സ്വയം തൊഴിൽ, ആരോഗ്യം, ഗൈനക്കോളജി തുടങ്ങിയവയിൽ ക്ഷണിക്കപ്പെടുന്ന വിദഗ്ദരുടെ ക്ലാസ്സുകൾ.
- സിലബസ്സിലെ പ്രധാന വിഷയങ്ങളിൽ ഫിനിഷിംഗ് ക്ലാസ്സുകൾ.
- നിർബന്ധ വായനക്കു നിശ്ചിത പുസ്തകങ്ങൾ.
- തെരെഞ്ഞെടുക്കപ്പെട്ട വിഷയങ്ങൾ മലയാളത്തിൽ.
- മലയാളം, ഇംഗ്ലീഷ്, അറബി ഭാഷാ പരിശീലനം.
- പ്രസംഗ കലാ സാഹിത്യ പരിശീലനം.
- രക്ഷിതാക്കൾക്കു നിർബന്ധിത പരിശീലനങ്ങളും സംഗമങ്ങളും.
- നിർബന്ധിത സാമൂഹിക സേവനം.

**കാലയളവ്**

1. ഒരാഴ്ചയിൽ അഞ്ച് പ്രവൃത്തി ദിനങ്ങൾ. ഒരുദിവസം 45 മിനിറ്റിന്റെ 8 പീരിയഡുകൾ. ഒരുവർഷത്തിൽ 200 വർക്കിംഗ് ഡേ (പരീക്ഷാ ദിനങ്ങൾ ഉൾപ്പെടെ.)

**നിബന്ധനകൾ**

1. അഫിലിയേഷൻ നടപടി ക്രമങ്ങളും നിബന്ധനകളും വഫിയ്യയുടേതിനു സമാനമായിരിക്കും.
2. ലൈബ്രറി, ക്ലാസ് റൂം തുടങ്ങിയ എല്ലാ അടിസ്ഥാന സൗകര്യങ്ങളും നിലവിലുള്ള വാഫീ, വഫിയ്യ സംവിധാനങ്ങളുടെ മാനദണ്ഢ പ്രകാരം ഉണ്ടായിരിക്കേണ്ടതാണ്.
3. താമസത്തോടു നേരിട്ടു ബന്ധപ്പെട്ട സൗകര്യങ്ങൾ ഡേ കോളേജുകൾക്കു ബാധകമാകുന്നതല്ല (ഈ അടിസ്ഥാനത്തിൽ വേണ്ട സൗകര്യങ്ങളുടെ ലിസ്റ്റ് സിഐസി ഓഫീസ് തയ്യാറാക്കുന്നതാണ്)
4. സാനിറ്ററി സൗകര്യങ്ങൾ സർക്കാർ നിയമപ്രകാരം പൂർത്തീകരിക്കേണ്ടതാണ്.
5. പുരുഷാധ്യാപകർ പ്രായവും പക്വതയുമുള്ളവർ മാത്രം.
6. വാഹന ജോലിക്കാരും പ്രായവും പക്വതയുമുള്ളവർ മാത്രം. വാഹനങ്ങളിൽ സ്ത്രീ പുരുഷ ഏകാന്തത പാടുള്ളതല്ല.
7. ഫ്രണ്ട് ഓഫീസ്, വിദ്യാർത്ഥിനികളുടെ വിഹാര സ്ഥലങ്ങളിൽ നിന്നു വേർപെട്ടു നിർത്തപ്പെടേണ്ടതാണ്; അവിടെ ജോലിചെയ്യുന്നവർ പ്രായവും പക്വതയുമുള്ളവർ ആയിരിക്കുകയും വേണം.
8. വഫിയ്യ ഡേ കോളേജ് പ്രവർത്തന സമയത്ത് തികച്ചും സ്വതന്ത്രമായി പ്രവർത്തിക്കുന്ന സപ്പറേറ്റ് സ്ഥാപനമായിരിക്കേണ്ടതാണ്. മറ്റു വനിതകളോടോ വനിതാസ്ഥാപനങ്ങളോടോ ഇടകലരുന്നതും ഷെയർ ചെയ്യപ്പെടുന്നവയും ആയിരിക്കരുത്.
9. ഒരു ബാച്ച് തുടങ്ങുമ്പോൾ ചുരുങ്ങിയത് 30 കുട്ടികൾ ഉണ്ടായിരിക്കേണ്ടതാണ്.
10. മറ്റു വഫിയ്യാ സ്ഥാപനങ്ങളിലെപോലെ, ഡേകോളേജുകളിലും ഒരു വഫിയ്യയെ അധ്യാപികയായി നിയമിക്കേണ്ടതാണ്.
11. അദ്ധ്യാപക അനദ്ധ്യാപകർ അതതു സമയങ്ങളിൽ CIC നിശ്ചയിക്കുന്ന പരിശീലനങ്ങളും മോട്ടിവേഷനുകളും നിർബന്ധമായും നേടിയെടുക്കേണ്ടതാണ്.
12. രക്ഷിതാക്കൾ സിഐസി നിശ്ചയിക്കുന്ന പരിശീലനങ്ങളിലും സംഗമങ്ങളിലും മറ്റും നിർബന്ധമായും പങ്കെടുക്കേണ്ടതാണ്.
13. യൂണിഫോം കറുപ്പല്ലാത്ത കളർ പർദ്ദയും വഫിയ്യ മഫ്തയും.
14. സാഹിത്യ സമാജങ്ങളും മറ്റ് കോ കരിക്കുലർ പ്രവർത്തനങ്ങളും WSF തീരുമാനിക്കുന്ന അളവിൽ നടത്തപ്പെടേണ്ടതാണ്.
15. വഫിയ്യ WSF മായി സഹകരിച്ച് ഫെസ്റ്റുകളും സഹവാസ ക്യാമ്പുകളും മറ്റും നടത്തപ്പെടുന്നതാണ്. അവയുടെ വിശദാംശങ്ങളും അളവും WSF നിർദ്ദേശം പരിഗണിച്ച് സിഐസി നിശ്ചയിക്കുന്നതാണ്.
16. വാഫി വഫിയ്യ പരീക്ഷാ കലണ്ടർ പ്രകാരമായിരിക്കും പരീക്ഷകൾ നടക്കുക.
17. വഫിയ്യക്ക് ബാധകമായ 100 മണിക്കൂർ CSS ഡേകോളേജിനും ബാധകമായിരിക്കും.
18. ഫീസ് നിശ്ചയിക്കുന്നത് സിഐസി അനുവാദത്തോടെ മാത്രമായിരിക്കേണ്ടതാണ്.

19. സ്ഥാപനത്തിനു വിദ്യാർത്ഥികളുടെ സ്വതന്ത്ര വിഹാരത്തിന് വേണ്ട സ്വകാര്യതയും വിശാലതയും ഉണ്ടായിരിക്കേണ്ടതാണ്. സ്ഥാപനത്തിനോ ചുറ്റു മതിലിനോ പുറമെ നിന്നുള്ള പ്രവേശം പൂർണ്ണമായി നിയന്ത്രിക്കുന്ന കവാടവും പാറാവും ഉണ്ടായിരിക്കേണ്ടതാണ്.
20. **യാത്ര:** വിദ്യാർത്ഥിനികളുടെ വീടു മുതൽ സ്ഥാപനം വരെയുള്ള യാത്ര സുരക്ഷിതമാണെന്നു രക്ഷിതാവും സ്ഥാപനവും ഉറപ്പുവരുത്തേണ്ടതും അതിനു സ്വീകരിക്കുന്ന പഴുതടച്ച രീതികൾ സിഐസിയെ ബോധ്യപ്പെടുത്തേണ്ടതുമാണ്. സിഐസി അംഗീകരിക്കാത്ത രീതികൾ സ്വീകരിക്കാൻ പാടുള്ളതല്ല. യാത്രാ രീതി നിശ്ചയിച്ച ശേഷം മാത്രമേ അഫിലിയേഷൻ നിലവിൽ വരൂ (സ്വന്തംവാഹനം, രക്ഷിതാക്കൾ ഏരിയ തിരിഞ്ഞു ഏർപ്പെടുത്തുന്ന വാഹനം, വീടിനു തൊട്ടടുത്തു വരെ എത്തുന്ന സ്ഥാപന വാഹനം, അകലെയല്ലാത്ത വീടുകൾവരെ കൂട്ടകാൽനട, തുടങ്ങിയ രീതികൾ പരിഗണനീയമായിരിക്കും. തിരക്കും ജീവനക്കാരുടെ ശല്യവും ഉണ്ടായേക്കാവുന്ന ലൈൻ ബസുകൾ തുടങ്ങിയവ അനുവദിക്കുന്നതല്ല).
21. കോളേജ് സമയം വളരേ കൃത്യമായിരിക്കേണ്ടതും, അതിൽ വരുന്ന ചെറിയ മാറ്റങ്ങൾ പോലും രക്ഷിതാവിനെ അറിയിക്കേണ്ടതുമാണ്. സ്ഥാപനത്തിലോ, വീട്ടിലോ വിദ്യാർത്ഥിനി നിർണിത സമയത്ത് എത്താതിരിക്കുമ്പോൾ സ്ഥാപനവും വീടും അടിയന്തിരമായി പരസ്പരം ബന്ധപ്പെടേണ്ടതാണ്.
22. സ്ഥാപനത്തിൽ എത്താൻ നിശ്ചയിച്ച രീതിയുംസമയവും തെറ്റുമ്പോൾ രക്ഷിതാവ് കുട്ടിയെ നേരിട്ട് എത്തിക്കേണ്ടതാണ്.
23. വഫിയ്യ രീതി പ്രകാരമുള്ള തിരിച്ചറിയൽകാർഡും അതുപയോഗിക്കുന്ന വിധങ്ങളും ഡേകോളേജിനും ബാധകമാണ്.